**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**2019 ജൂൺ 14, വെള്ളി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

# മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം : T 2292**
**ശ്രീ. വി.ടി.ബൽറാം**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. വി.പി.സജീന്ദ്രൻ**
**ശ്രീ. കെ.എസ്.ശബരീനാഥൻ**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി റിലയൻസിനെ ഏല്പിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളതും പദ്ധതി നടത്തിപ്പിനായി പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ എന്നിവ കൂടി പരിഗണിച്ച് ആർ.എഫ്.പി (REQUEST FOR PROPOSAL) തയ്യാറാക്കുകയും ഇതിനെ അടിസ്ഥാനമാക്കി 01.01.2019-ന് ഇ-ടെണ്ടർ (Tender ID 2019_FIN_258705_1) ആയി ആർ.എഫ്.പി പരസ്യപ്പെടുത്തുകയും ചെയ്തു.മൂന്ന് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ |
| (ബി) | പ്രസ്തുത കമ്പനിക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പ് ചുമതല നൽകുന്നതിന് മുമ്പ് സർവ്വീസ് സംഘടനകളുടെയും പെൻഷൻകാരുടെ സംഘടനകളുടെയും പ്രതിനിധികളുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശം നൽകുമോ? | |

| | | |
|---|---|---|
| | | പരിശോധനയിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുകയായ 2992.48/- രൂപ (18% GST ഉൾപ്പെടെ) രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി 27.04.2019-ലെ 49/2019/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി . |

**അക്കൗണ്ട്സ് ഓഫീസർ**